## കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ–680021
e-mail: mailkeraleeyam@gmail.com, 0487 2421385

# കാതിക്കുടം റിപ്പോർട്ട് ചാട്ടുളിപോലെ

**കേരളീയം** ആഗസ്റ്റ് ലക്കത്തിലെ കാതിക്കുടത്തെ പോലീസ്‌രാജ് റിപ്പോർട്ട് ചാട്ടുളിപോലെ തോന്നി. ഹരിത എം.എൽ.എയുടെ കത്തിവേഷവും കാണാനൊത്തു. ഡോ. പി.ജി. ഹരിയെപ്പോലെയുള്ളവരുടെ ധാർമ്മികത ചോദ്യം ചെയ്യാൻ ഇത്തരക്കാർക്ക് മടികാണില്ല. ദേവീന്ദർ ശർമ്മയുടെ വെളിപ്പെടുത്തലുകൾ ആശങ്കയോടെയാണ് പങ്കുവച്ചത്. ലോകഭക്ഷ്യ പുരസ്കാരം മൊൺസാന്റോയ്ക്ക് നൽകിയത് ഭക്ഷ്യസംസ്കാരത്തോടുള്ള വെല്ലുവിളിയാണ്. ബ്രായ് ബില്ലിനെക്കുറിച്ച് ശരിക്കും ഒരു ബോധവത്കരണം നടത്തേണ്ടതാണ്. കർഷകരുടെ ആഘോഷപരിപാടികളിൽ ഇതിനൊന്നും അവസരമില്ലല്ലോ. കേരള ജൈവകർഷക സമിതി തന്നെ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വയലും വീടും പരിപാടിയിലെ മുരളീധരൻ തഴക്കരയുമായി ബന്ധപ്പെട്ട് ചിലതൊക്കെ ചെയ്യാൻ കഴിയും. പല മുഖ്യധാരാ മാധ്യമങ്ങളും പരിസ്ഥിതി സംബന്ധമായ ആശയ സമർത്ഥനത്തിന് ആധാരമാക്കുന്നത് കേരളീയം വാർത്തകളാണ്. കേരളീയം വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്പെടുന്നുണ്ട്. തുടർന്നും പ്രവർത്തനോർജ്ജം ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.




**അജിത്രി, കോട്ടക്കൽ, മലപ്പുറം**

# കാലികമായ ഇടപെടൽ

കേരളീയം ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച ദേവീന്ദർ ശർമ്മയും ആർ. ശ്രീധറും എസ്. ഉഷയും തമ്മിലുള്ള സംഭാഷണം വളരെ കാലികമായി. ഭക്ഷ്യസുരക്ഷ ബില്ലും ബ്രായ് ബില്ലും ഭൂമിയേറ്റെടുക്കൽ ബില്ലുമെല്ലാം പാർലമെന്റിൽ അവതരിപ്പിക്കുന്ന സമയത്ത് തന്നെ ആ വിഷയങ്ങളെക്കുറിച്ചുള്ള ഒരു ചർച്ച കേരളീയം സംഘടിപ്പിച്ചത് വളരെ പ്രസക്തമായി. ഏറെ കൊട്ടിഘോഷിച്ച് പാസാക്കിയ ഭക്ഷ്യസുരക്ഷാ ബില്ലിന്റെ ആന്തരികമായ തകരാറുകൾ എന്തെല്ലാമാണെന്ന് ദേവീന്ദർ ശർമ്മ വ്യക്തമാക്കുന്നുണ്ട്. ബില്ലിനെക്കുറിച്ചുള്ള സങ്കീർത്തനങ്ങൾ മാത്രം എവിടെയും കേട്ട സമയത്ത് അത് ഏറെ ഹൃദ്യമായി. തുടർന്നും ഇത്തരം കാലികമായ ഇടപെടലുകൾ കേരളീയത്തിൽ നിന്നും പ്രതീക്ഷിക്കുന്നു.

**കെ.വി. രാജീവ്, ഒറ്റപ്പാലം, പാലക്കാട്**

---

കേരളീയം

**മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്,**
**കൊക്കാലെ, തൃശൂർ–21, കേരളം.**
**ഫോൺ : 9446576943, 9747062146, 0487 2421385**
**e-mail : mailkeraleeyam@gmail.com**



## ഓണാശംസകൾ

സുഹൃത്തെ,

ഏറെക്കാലത്തിന് ശേഷം കേരളീയം സുഹൃത്തുക്കൾക്ക് ഒരു കത്ത്. കേരളീയം മാസിക നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെടുന്നു? ആരോഗ്യത്തോടെ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ കേരളീയത്തിന് ഒരു സംഭാവന നൽകിക്കൊണ്ട് ഈ ഓണക്കാലത്തെ കൂടുതൽ അർത്ഥവത്താക്കാനുള്ള അവസരം നിങ്ങൾക്ക് വിനിയോഗിക്കാം. ഓണാഘോഷങ്ങൾക്കായി ചിലവിടുന്ന തുകയിൽ നിന്നും ഒരു സാമൂഹിക സ്ഥാപനത്തെ നിലനിർത്താനുള്ള പങ്കുകൂടി കണ്ടെത്താം. ഒരുമാസത്തിനുള്ളിൽ ഒരു ലക്ഷം രൂപ വരെ സമാഹരിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. 500നും 10,000 നും ഇടയിലുള്ള സാമ്പത്തിക സഹായം പ്രതീക്ഷിച്ചുകൊണ്ട്.ഓണാശംസകളോടെ.

സ്നേഹപൂർവ്വം.
**കേരളീയം കൂട്ടായ്മ**

തുക മണിയോർഡർ/ഡി.ഡി/ചെക്ക് ആയി അയയ്ക്കാം. നേരിൽ സ്വീകരിക്കുന്നതിനും സന്തോഷം.അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടിലേക്ക് അടയ്ക്കാം. അക്കൗണ്ട് നമ്പർ:
**'Keraleeyam' Bank A/C No: 12800200006806, Federal Bank, STN Branch, Thrissur. RTGS Code : FDRL0001280**